I ഇ.ബി. XIII-കേരള നിയമസഭ/XIV-12

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 15, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

### അടിയന്തരപ്രമേയം

**പൊതുഫണ്ട് വിനിയോഗിച്ചുള്ള വികസനപ്രവർത്തനങ്ങൾ**

മി. സ്പീക്കർ: പൊതുമരാമത്ത് വകുപ്പിൽ ആസ്തിവികസനം, മണ്ഡലം സ്പെഷ്യൽ ഡെവലപ്മെന്റ്, ഗ്രാമീണറോഡ്, നബാർഡ് സഹായം, സ്പീഡ് കേരള തുടങ്ങിയ പദ്ധതികളുടെ ഫണ്ടുകൾ ഉപയോഗിച്ച് റോഡുകൾ, പാലങ്ങൾ തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ധനാനുമതിയും നൽകുന്നതിന് പ്രതിപക്ഷത്തെ അംഗങ്ങൾ നൽകുന്ന നിർദ്ദേശങ്ങളിൽ ബോധപൂർവ്വം കാലവിളംബം വരുത്തിയും മറ്റ് നിലകളിലും

ഉത്തരവുകൾ പുറപ്പെടുവിക്കാതെ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ചിറ്റയം ഗോപകുമാർ, ജെയിംസ് മാത്യു, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ആസ്തിവികസനം, മണ്ഡലം സ്പെഷ്യൽ ഡെവലപ്മെന്റ് എന്നിവയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നത് പൊതുമരാമത്ത് വകുപ്പ് അല്ല. ഈ സർക്കാർ ഭരണ-പ്രതിപക്ഷ ഭേദമെന്യേയാണ് ആസ്തിവികസന ഫണ്ടും നബാർഡ് സഹായവും അനുവദിക്കുന്നത്. പ്രതിപക്ഷ എം.എൽ.എ.മാർ ആവശ്യപ്പെട്ടിട്ടുള്ള ഗ്രാമീണറോഡുകൾക്കുള്ള അനുമതി ആവശ്യാനുസരണം നൽകുന്നുണ്ട്. പൊതുഫണ്ട് വിനിയോഗിച്ചുള്ള വികസനപ്രവർത്തനങ്ങളിൽ ഭരണ-പ്രതിപക്ഷ വിത്യാസമില്ലാതെ തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതായിരിക്കും.

ശ്രീ. ചിറ്റയം ഗോപകുമാർ: പല പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിലും തുക അനുവദിക്കുന്നതിലും ഈ

സർക്കാർ വിവേചനപരമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. എം.എൽ.എ.മാരുടെയും മന്ത്രിമാരുടെയും മണ്ഡലങ്ങളിലാണ് കൂടുതൽ തുകയും വിനിയോഗിച്ചിട്ടുള്ളതെന്ന് കഴിഞ്ഞ നാലുവർഷത്തെ വികസനപ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. സ്റ്റേറ്റ് ഹൈവേകളുടെ വികസനത്തിലും ആസ്തിവികസനഫണ്ട് ഉപയോഗിച്ചുള്ള വികസനപ്രവർത്തനങ്ങളിലും ഗ്രാമീണ റോഡുകളുടെ കാര്യത്തിലും സർക്കാർ സ്വീകരിക്കുന്ന നിലപാട് ശരിയല്ല. നടപടിക്രമങ്ങളിലെ കാലതാമസംമൂലം വർക്കുകൾ പൂർത്തീകരിക്കാനാകുന്നില്ല. 'കരുതലും വികസനവും' എന്നതാണ് സർക്കാരിന്റെ മുഖമുദ്രയെങ്കിലും വികസനകാര്യങ്ങൾക്ക് ആവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ജപ്പാൻ കുടിവെള്ളപദ്ധതിയും ബഡ്ജറ്റ് വർക്കുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാരിന് കഴിയുന്നില്ല. വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന പക്ഷപാതപരമായ സമീപനം അവസാനിപ്പിക്കണം. എല്ലാ മണ്ഡലങ്ങളിലും വിവേചനരഹിതമായി പണം നൽകിക്കൊണ്ട് വികസനം നടപ്പിലാക്കുന്നതിനുപകരം തികച്ചും നീതിരഹിതവും ജനാധിപത്യവിരുദ്ധവുമായ സമീപനങ്ങളാണ് സർക്കാർ

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആസ്തി വികസന ഫണ്ട് പദ്ധതി ആരംഭിച്ചഘട്ടത്തിൽ അനുവദിച്ച പല പദ്ധതികൾക്കും ഇപ്പോഴും ഭരണാനുമതി ലഭിച്ചിട്ടില്ല. യു.ഡി.എഫ്-ഉം വകുപ്പുമന്ത്രിയുടെ ഓഫീസും മുഖ്യമന്ത്രിയും നിർദ്ദേശിക്കുന്ന വർക്കുകൾക്കുമാത്രം എ.എസ്. നൽകിയാൽ മതിയെന്ന സമീപനം സത്യപ്രതിജ്ഞാ ലംഘനവും ഭരണഘടനയോട് കാണിക്കുന്ന അനാദരവുമാണ്. പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിക്കുന്ന പണംപോലും നൽകാതിരിക്കുന്ന സമീപനം അവസാനിപ്പിക്കണമെന്നും ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം വ്യക്തമാക്കണമെന്നും ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽ 116, 124 കോടി രൂപയിൽ കൂടുതൽ ഫണ്ട് ബഡ്ജറ്റിൽ അനുവദിക്കാറില്ല. ബിൽഡിംഗ്സിന് 15, 16 കോടി രൂപയാണ് അനുവദിക്കുന്നത്. ഈ തുക ഉപയോഗിച്ച് വർക്കുകൾ നടക്കില്ലെന്ന് ബോധ്യപ്പെട്ടതിനാൽ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് പല പദ്ധതികൾ ഏറ്റെടുക്കുകയും ഫണ്ട് മൊബിലൈസ് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തത്. പല കാരണങ്ങൾകൊണ്ടും വർക്കുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

കെ.എസ്.ടി.പി. രണ്ടാം പദ്ധതി പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ് ആവിഷ്കരിച്ചത്. ഫണ്ട് അനുവദിക്കുന്നതിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം. കുറവുകളുണ്ടെങ്കിൽ പരിഹരിക്കാൻ സർക്കാർ തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷത്തുനിന്ന് ഇത്തരത്തിലുള്ള പരാതി ഉണ്ടാകരുതെന്നായിരുന്നു സർക്കാർ ആഗ്രഹിച്ചത്. പക്ഷപാതപരമായ സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. ഗവൺമെന്റ് കോളേജുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ കോളേജ് അനുവദിച്ചതിൽ ഭൂരിപക്ഷവും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ്. പുതുതായി ആയുർവ്വേദ ഡിസ്പെൻസറികളും ഹോമിയോ ഡിസ്പെൻസറികളും പി.എച്ച്.സി.-കളും കാരുണ്യ ഫാർമസിയും ഭരണ-പ്രതിപക്ഷ വിവേചനമില്ലാതെയാണ് അനുവദിച്ചത്. കാരുണ്യ ബനവലന്റ് ഫണ്ട്, സി.എം.ഡി.ആർ.എഫ്. എന്നിവയും വിവേചനരഹിതമായാണ് അനുവദിച്ചിട്ടുള്ളത്. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം ആസ്തി വികസന ഫണ്ട് 5 കോടി രൂപ കൊടുത്തിട്ടുള്ള കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. വികസനവും കരുതലും എല്ലാവർക്കും നീതിപൂർവ്വം ഉണ്ടാകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പ്രതിപക്ഷ അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിൽ പദ്ധതി വിഹിതം അനുവദിക്കുന്നതിലും വികസന പ്രവർത്തനങ്ങളുടെ കാര്യത്തിലും സർക്കാർ കാണിക്കുന്ന വിവേചനം ഒഴിവാക്കണം. ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിനുള്ള അവകാശങ്ങൾ അംഗീകരിക്കാനും അനുവദിച്ചുതരാനുമുള്ള ബാധ്യത ഭരണപക്ഷത്തിനുണ്ട്. പ്രതിപക്ഷ അംഗങ്ങളെ അവഗണിക്കുകയും രാഷ്ട്രീയ ലക്ഷ്യത്തോടെ ദ്രോഹിക്കുകയും ജനങ്ങൾക്ക് മുമ്പിൽ അപഹാസ്യരാക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ആസ്തി വികസനം, റോഡുകൾ, പാലങ്ങൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ഫണ്ട് അനുവദിക്കുന്നതിലെ വിവേചനം പ്രതിഷേധാർഹമാണ്. ജനപക്ഷത്തുനിന്ന് പോരാടുന്നതിന്റെ പേരിൽ പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ നിഷേധിക്കാൻ ഗവൺമെന്റിന് അധികാരമില്ല. ആസ്തി വികസന ഫണ്ട്, വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച കണക്കുകളും യഥാർത്ഥ വസ്തുതകളും വെളിപ്പെടുത്താൻ സർക്കാർ തയ്യാറാകണം. അർഹതപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അനുവദിക്കാത്തപക്ഷം അത് നേടിയെടുക്കുന്നതിന് പ്രതിപക്ഷം നിർബന്ധിതരാകും. ഇത്തരത്തിൽ പ്രതിപക്ഷ എം.എൽ.എ. മാരോട് വിവേചനം കാണിക്കുന്നതിനെതിരെ നടപടിയെടുക്കാൻ

ബഹുമാനപ്പെട്ട സ്പീക്കർക്കും ചുമതലയുണ്ട്. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും സഭയിൽ നൽകിയ ഉറപ്പ് പാലിക്കുമെന്ന പ്രത്യാശയോടുകൂടി നിർത്തുന്നു.

## ശ്രദ്ധക്ഷണിക്കൽ

### (1) പട്ടയ വിതരണം

ശ്രീ. റോഷി അഗസ്റ്റിൻ: 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കിയിലെ അർഹരായ മുഴുവൻ കർഷകർക്കും പട്ടയം നൽകുന്നതിനും പട്ടയം വിതരണം നടത്തിയതിലെ അപാകത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റശേഷം പതിനായിരത്തിലധികം കർഷകർക്ക് പട്ടയം നൽകാൻ സാധിച്ചുവെന്നത് അഭിമാനകരമായ നേട്ടമാണ്. കട്ടപ്പന പോലുള്ള ടൗൺഷിപ്പുകൾക്ക് ഷോപ്പ് സൈറ്റ് പട്ടയം നൽകുന്നതിനുവേണ്ടി ഒരു ടീമിനെ നിയോഗിച്ച് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലെ പട്ടയ വിതരണത്തിനുവേണ്ടി പ്രത്യേക യോഗം വിളിക്കാമെന്ന വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം പ്രതീക്ഷ നൽകുന്നതാണ്. ജില്ലാ പഞ്ചായത്ത് വക സ്ഥലത്തും പട്ടയവിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കണം. പട്ടയ

വിതരണത്തിലുണ്ടായ വീഴ്ചകളും ലഭിച്ച പട്ടയങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കാത്തതും സംബന്ധിച്ച് പരിശോധിക്കണം. വനം വകുപ്പ് ജണ്ടയിട്ട് വേർതിരിച്ച പ്രദേശത്തിന് പുറത്തുള്ള മേഖലയിൽ പട്ടയ വിതരണം നടത്തുന്നതിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം. പട്ടയഭൂമിയിൽ ഒരു വർഷത്തിനകം വീട് വച്ച് താമസിക്കണമെന്ന നിബന്ധനയ്ക്ക് വ്യക്തമായ ക്ലാരിഫിക്കേഷൻ വേണം. ലഭിക്കുന്ന പട്ടയം ഉദ്യോഗസ്ഥതല വീഴ്ചമൂലം റദ്ദാക്കപ്പെടുന്നത് നീതികരിക്കാനാവില്ല. പട്ടയം ലഭിക്കുന്നതിനുള്ള വരുമാന പരിധിയും പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിബന്ധനകളും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാൻ വീണ്ടും അവസരം നൽകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നേരത്തെ നൽകിയിരുന്ന പട്ടയങ്ങളിലും 16 നിബന്ധനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 1970-കളിൽ നൽകിയ പട്ടയങ്ങളിൽ 5 നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും കക്ഷികൾക്ക് നൽകിയിട്ടുള്ള അസൈൻമെന്റ് ഓർഡറിൽ 16 നിബന്ധനകൾ ഉൾപ്പെടുത്തി അംഗീകരിച്ചതായി ഒപ്പുവച്ച് പണമടച്ചതിനുശേഷമാണ് പട്ടയങ്ങൾ കൈപ്പറ്റിയിട്ടുള്ളത്. അന്ന് നൽകിയ പട്ടയങ്ങൾക്കും 16 നിബന്ധനകൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതല്ലാതെ

പട്ടയങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. ഭൂമിയെ സംബന്ധിച്ച ക്രയവിക്രയ അവകാശം ഭൂമി പണയപ്പെടുത്തുന്ന ആൾക്ക് ലഭിക്കുന്ന സാഹചര്യത്തിൽ ഏത് ധനകാര്യ സ്ഥാപനത്തിനും പട്ടയം ഈടായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. കാർഷികാവശ്യത്തിനായി പതിച്ചുനൽകാവുന്ന പരമാവധി ഭൂമിയുടെ അളവ് സമതല പ്രദേശങ്ങളിൽ ഒരേക്കറായും ഹിൽ ട്രാക് ഏരിയയിൽ നാലേക്കറായും വർദ്ധിപ്പിച്ചുകൊണ്ട് 30.09.2014-ൽ ഇറക്കിയ ഉത്തരവ് പ്രകാരം കൈവശ കക്ഷികൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള 25 വർഷ കാലാവധി ഒഴിവാക്കിയിട്ടുണ്ട്. ഹിൽ ട്രാക് ഏരിയയിൽ 10 വർഷം പൂർത്തിയാക്കിയ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള ഭേദഗതി ഉത്തരവ് 01.06.2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. മുദ്രപ്പത്രം വഴി കൈവശാവകാശം ലഭിച്ചിട്ടുള്ള കൈവശക്കാരെയും പ്രത്യേക ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 എഫ് പ്രകാരം വനഭൂമി കൈവശം ലഭിച്ചിട്ടുള്ളവരെയും ഭൂമി ലഭിച്ച തീയതി മുതൽ പട്ടയ ലഭ്യതയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ നാലിനം മരങ്ങൾ ഒഴികെയുള്ളവ മുറിച്ചെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 09.07.2015-ൽ വനം വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. ഷെഡ്യൂൾഡ് ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി കർഷകർക്ക് ലോൺ ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കും. ഈ ഗവൺമെന്റ് ഇടുക്കിയിൽ 23,699

പട്ടയങ്ങൾ ഇതുവരെ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ ഓണത്തിന് മുമ്പ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അർഹതപ്പെട്ട കർഷകർക്ക് പട്ടയ അപേക്ഷ കൊടുക്കാനുള്ള അവസരം നൽകുന്നതാണ്. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലുണ്ടാകുന്ന അപാകതകൾ പരിശോധിക്കുന്നതിന് ഉന്നത തലത്തിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കർഷകർ നട്ടുവളർത്തുന്ന തേക്ക്, ഈട്ടി, എബണി, ചന്ദനം ഒഴികെയുള്ള മരങ്ങൾ സ്വന്തം ആവശ്യത്തിന് മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്.

## (2) സർക്കാർ ഭൂമിയിന്മേൽ ഇതര സംസ്ഥാനങ്ങളുടെ കയ്യേറ്റം

ശ്രീ. സി. ദിവാകരൻ: സംസ്ഥാന പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള പത്മനാഭപുരം കൊട്ടാരം, പുനലൂർ പി.ഡബ്ല്യൂ.ഡി. നിയന്ത്രണത്തിലുള്ള കുറ്റാലം കൊട്ടാരം, മദ്രാസിലെ നുങ്കംപക്കം വില്ലേജിലെ സർക്കാർകൈവശ ഭൂമി, ഡൽഹിയിലെ സർക്കാർ ഭൂമി, പ്രഗതി മൈതാനത്തുള്ള സർക്കാർ ഭൂമി എന്നിവ ഇതര സർക്കാരുകളും സ്വകാര്യ വ്യക്തികളും കയ്യേറിയത് വീണ്ടെടുക്കാൻ നടപടി സ്വീകരിക്കണം. കന്യാകുമാരി, ചെങ്കോട്ട, പൊള്ളാച്ചി, നഞ്ചൻകോട്, യു.പി.യിലെ

വാരാണസി എന്നിവിടങ്ങളിലെ സർക്കാർ ഭൂമിയെപ്പറ്റി ധവളപത്രം പുറപ്പെടുവിക്കുന്നതിനും കവടിയാർ, കോവളം, ശംഖുംമുഖം, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, കിളിമാനൂർ, മൂന്നാർ എന്നിവിടങ്ങളിലെ കൊട്ടാരങ്ങളും പത്മനാഭസ്വാമി ക്ഷേത്രവും യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും പ്രസ്തുത ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ടി വിഷയം ഒരു നിയമസഭാ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ ഇതര സംസ്ഥാനങ്ങളിലുള്ള ഭൂമിയുടെ വിസ്തൃതി, ഉടമാവകാശം, കൈമാറ്റം/ പാട്ടക്കരാർ വ്യവസ്ഥകൾ തുടങ്ങിയ രേഖകൾ കണ്ടെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തുന്നതിനുമായി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും ആയതിന്മേൽ നടപടി സ്വീകരിച്ചുവരികയുമാണ്. വിവിധ വകുപ്പുകളിൻകീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ ഭൂമിയുടെ ലിസ്റ്റ് ശേഖരിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഹൈ ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് യോഗം ചേർന്ന് സംസ്ഥാനത്തിന് പുറത്തുള്ള തർക്കഭൂമിയുടെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട

വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ ടി വകുപ്പുകൾ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് അടുത്ത യോഗം വിലയിരുത്തുന്നതാണ്. പത്മനാഭപുരം കൊട്ടാരംവക കുറവുള്ള 12.5 സെന്റ് സ്ഥലം കണ്ടെത്തുന്നതിനായി കേരള-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ സംയുക്തമായി സർവ്വേ നടത്തുന്നതിനും കൊട്ടാരവളപ്പിലെ 15 സെന്റ് സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയതിനെപ്പറ്റി അന്വേഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റാലം കൊട്ടാര പരിസരത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന കയ്യേറിയ സ്ഥലമുൾപ്പെടുന്ന 55.6 ഏക്കറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ രാജകുടുംബവും തമിഴ്നാട്-കേരള സർക്കാരുകളും തമ്മിൽ നിലനിൽക്കുന്ന കേസിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ട്. സർക്കാരിന്റെ മുഴുവൻ സ്വത്തുക്കളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്താൻ പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

## സബ്മിഷൻ

### (1) റിലയൻസിന് നൽകുന്ന ആനുകൂല്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്ത് ഓപ്റ്റിക് ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനായി യാതൊരു

നിബന്ധനയുമില്ലാതെ റിലയൻസിന് സർക്കാർ ആനുകൂല്യങ്ങൾ നൽകുകയാണ്. 2010-ലെ സർക്കാർ ഇറക്കിയ ഉത്തരവിൽ സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും സൗജന്യമായി കണക്ഷൻ നൽകണമെന്ന നിബന്ധനയുണ്ടായിരുന്നു. പ്രസ്തുത നിബന്ധന റിലയൻസിന് ഇളവ് ചെയ്തു കൊടുത്തിരിക്കുന്ന നടപടി പുന:പരിശോധന നടത്തുന്നതോടൊപ്പം പി.ഡബ്ല്യൂ.ഡി. നിബന്ധനകൾക്ക് വിരുദ്ധമായി റോഡുകൾ കട്ട് ചെയ്ത് കേബിളുകൾ സ്ഥാപിക്കുന്ന കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2010-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്‌ലൈൻ പ്രകാരമാണ് 4 ജി നെറ്റ്‌വർക്ക് കണക്ഷൻ അനുവദിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് പി.ഡബ്ല്യൂ.ഡി, എൽ.എസ്.ജി.ഡി, ഐ.റ്റി എന്നീ വകുപ്പു സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 4 ജി നെറ്റ്‌വർക്ക് കണക്റ്റിവിറ്റിക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. കേബിളുകൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്യുന്നതുമൂലമുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

## (2) കടൽത്തീരം സംരക്ഷിക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശാസ്ത്രീയ പഠനം നടത്തി തലശ്ശേരി

കടൽത്തീരം സംരക്ഷിക്കുന്നതിനും തീരദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കഴിഞ്ഞ വർഷമുണ്ടായ കടലാക്രമണത്തിന്റെ ഫലമായി തലശ്ശേരി മാർക്കറ്റിന് സമീപമുള്ള റോഡ് അപകടാവസ്ഥയിലാകുകയും മണൽച്ചാക്ക് ഉപയോഗിച്ച് താൽക്കാലികമായി പ്രതിരോധിക്കുകയും ചെയ്തു. മദ്രാസ് ഐ.ഐ.റ്റി.യെക്കൊണ്ട് കേരളത്തിലെ കടലാക്രമണ ഭീഷണിയുള്ള പ്രദേശങ്ങളെപ്പറ്റി ഒരു പഠനം നടത്താൻ സർക്കാർ തീരുമാനിക്കുകയും അതിൻപ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിലെ കടലാക്രമണ ഭീഷണിയുള്ള തീരപ്രദേശങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയാകുന്നതോടുകൂടി പ്രദേശത്തെ കടലാക്രമണത്തിന് ശാശ്വതപരിഹാരമുണ്ടാകും.

## (3) കോന്നിയിലെ പെൺകുട്ടികളുടെ മരണത്തിലെ ദുരൂഹത

ശ്രീ. രാജു എബ്രഹാം: കോന്നിയിൽ കാണാതായ മൂന്ന് പെൺകുട്ടികളിൽ രണ്ട് പേരെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിലെ ദുരൂഹത അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കോന്നി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനികളായ രാജി,

ആതിര ആർ. നായർ, ആര്യ എന്നിവർ 09.07.2015-ന് രാവിലെ സ്കൂളിൽ എത്തുകയോ തിരികെ വീട്ടിലെത്തുകയോ ചെയ്തില്ലെന്നുള്ള രാജിയുടെ മാതാവിന്റെ പരാതിപ്രകാരം കോന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ കോന്നി പോലീസ് ഇൻസ്പെക്ടർ ചെങ്ങന്നൂർ, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ അന്വേഷണം നടത്തുകയും കാണാതായ പെൺകുട്ടികളുടെ ഫോട്ടോ പതിപ്പിച്ച ക്രൈം മെമ്മോകൾ തയ്യാറാക്കി കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും റെയിൽവേ പോലീസ് സ്റ്റേഷനുകളിലേയ്ക്കും അയയ്ക്കുകയും ചെയ്തു. 10.07.2015-ന് 18 പോലീസുദ്യോഗസ്ഥർ അടങ്ങുന്ന പ്രത്യേക സംഘത്തെയും പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചു. പെൺകുട്ടികൾ ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണുകളുടെ വിവരങ്ങൾ ശേഖരിക്കുകയും കാണാതായതിനുശേഷം കുട്ടികളുടെ സാന്നിദ്ധ്യം ഉണ്ടായതായി പറഞ്ഞ സ്ഥലങ്ങളിലെല്ലാം അന്വേഷണം നടത്തുകയും ചെയ്തു. രക്ഷകർത്താക്കളുടെ സമ്മതപത്രം വാങ്ങി ലുക്ക് ഔട്ട് നോട്ടീസ് തയ്യാറാക്കി റെയിൽവേ പോലീസിന്റെ സഹായത്തോടുകൂടി കേരളത്തിലെയും പുറത്തുള്ള റെയിൽവേ പോലീസ് സ്റ്റേഷനുകൾ, റെയിൽവേ അലർട്ട്, റെയിൽവേ കൺട്രോൾ റൂം, ആർ.പി.എഫ്. എന്നിവിടങ്ങളിലേയ്ക്കും ഡൽഹി, ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, കൽക്കത്ത തുടങ്ങിയ സ്ഥലങ്ങൾ

കേന്ദ്രീകരിച്ചും അന്വേഷണം നടത്തി. മൂന്ന് പെൺകുട്ടികൾ ഗുരുതരമായി പരിക്കേറ്റ് പാലക്കാട് റെയിൽവേ ട്രാക്കിൽ കിടക്കുന്നതായി അറിയിപ്പ് ലഭിച്ചതനുസരിച്ച് ഷൊർണ്ണൂർ റെയിൽവേ പോലീസ് ഇൻസ്പെക്ടറുടെയും ഒറ്റപ്പാലം സബ് ഇൻസ്പെക്ടറുടേയും നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആര്യ ഒഴികെ മറ്റ് രണ്ടുപേരും മരിച്ച നിലയിലായിരുന്നു. ഇതുവരെ നടത്തിയ അന്വേഷണങ്ങളിൽ ഈ വിഷയത്തിൽ അധോലോക സംഘങ്ങളാരും ഉൾപ്പെട്ടിട്ടില്ല. കുട്ടികൾ വീട് വിട്ടിറങ്ങിയതുമുതൽ സഞ്ചരിച്ച റൂട്ടുകളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒറ്റപ്പാലം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഒറ്റപ്പാലം സബ് ഇൻസ്പെക്ടറും കോന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മിസ്സിംഗ് കേസിന്റെ അന്വേഷണം തിരുവനന്തപുരം ഐ.ജി. മനോജ് എബ്രഹാമിന്റെ നേതൃത്വത്തിലുമാണ് നടത്തുന്നത്. കുട്ടികളുടെ ബന്ധുക്കളുമായി സംസാരിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായി സൗത്ത് സോണിന്റെ ചാർജ് വഹിക്കുന്ന ADGP-ഡോ. സന്ധ്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ വസ്തുതകൾ കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## (4) അമിത യാത്രാക്കൂലി

ശ്രീ. പാലോട് രവി: സീസൺ സമയങ്ങളിൽ വിദേശ മലയാളികളിൽ നിന്നും

അമിത യാത്രാക്കൂലി ഈടാക്കുന്ന എയർ ഇൻഡ്യയുടെ സമീപനം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എയർ ഇൻഡ്യ ഉൾപ്പെടെയുള്ള എല്ലാ എയർലൈനുകളും അമിത യാത്രാക്കൂലി ഈടാക്കുന്ന നടപടി അവസാനിപ്പിക്കാനാണ് എയർ കേരള എന്ന ആശയം സർക്കാർ കൊണ്ടുവന്നത്. അതിനുള്ള എല്ലാ ഒരുക്കങ്ങളും തയ്യാറാക്കിക്കഴിഞ്ഞപ്പോൾ അന്തർദ്ദേശീയ സർവ്വീസ് നടത്താൻ ഡൊമസ്റ്റിക് സർവ്വീസിന് 5 വർഷത്തെ പാരമ്പര്യവും 20 എയർക്രാഫ്റ്റും വേണമെന്ന കണ്ടീഷനാണ് മുന്നോട്ടുവച്ചിരിക്കുന്നത്. പ്രസ്തുത കണ്ടീഷനുകൾ അംഗീകരിക്കാൻ കേരളത്തിന് ബുദ്ധിമുട്ടാണെന്ന കാര്യം കേന്ദ്രത്തിനെ അറിയിച്ചപ്പോൾ ഇക്കാര്യം പുനഃപരിശോധിക്കാമെന്ന് പറയുന്നെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. സീസൺ സമയത്ത് അമിത യാത്രാക്കൂലി വർദ്ധിപ്പിക്കുന്ന നടപടി അവസാനിപ്പിക്കാനായി നഷ്ടം സഹിച്ചാണെങ്കിലും കപ്പൽ സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്. എയർ കേരളയ്ക്കുവേണ്ടിയുള്ള ശ്രമവും തുടരുന്നതാണ്.

## (5) ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ ജില്ലയിലെ വടക്കൻ മേഖലകളിലും

കാസർഗോഡ് ജില്ലയിലുമായി താമസിക്കുന്ന അവശജനവിഭാഗമായ മുഖാരി/മുവാരി സമുദായത്തെ സ്റ്റേറ്റ് ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുഖാരി/മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സിന്റെയും പിന്നോക്ക വിഭാഗ കമ്മീഷന്റെയും റിപ്പോർട്ട് കിട്ടിയാലുടൻതന്നെ തീരുമാനമെടുക്കുന്നതാണ്.

## (6) ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാകുന്നത് സംബന്ധിച്ച്

ശ്രീ. വി. ശശി: പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമവും പൗരാവകാശ സംരക്ഷണ നിയമവും നടപ്പാക്കാൻ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാകുന്നില്ലെന്നും മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് സഹായം ലഭിക്കുന്നുണ്ടോയെന്നും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നിയമാനുസരണം കൂടുന്നുണ്ടോയെന്നും ഉറപ്പുവരുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പൗരാവകാശ സംരക്ഷണ നിയമം 1965 എന്നിവ നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസ്സുകളുടെ

പുരോഗതി വിലയിരുത്തി അതിക്രമത്തിനിരയായവർക്കുള്ള ധനസഹായം അനുവദിക്കുന്നത് അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിൽ കളക്ടർ അദ്ധ്യക്ഷനായി വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 50% കേന്ദ്ര വിഹിതമാണ്. ആനുകൂല്യവും പുനരധിവാസത്തിനുള്ള ധനസഹായവും പ്രസ്തുത തുകയിൽനിന്നാണ് കൊടുക്കുന്നത്. പൗരാവകാശ സംരക്ഷണ നിയമപ്രകാരം മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി 50,000 രൂപ ധനസഹായമായി അനുവദിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ അതിക്രമം തടയൽ നിയമപ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം കുറവായിരുന്നതിനാൽ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

## (7) <u>സബ് കോടതി</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: അടൂരിൽ സബ് കോടതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഹൈക്കോടതിയുടെ മുൻഗണനാ പട്ടികയിൽ പതിനൊന്നാമതായിട്ടാണ് അടൂരിൽ സബ് കോടതി ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻഗണന ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (8) മാതൃകാ ജില്ലാ വ്യവസായ കേന്ദ്രം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ മാതൃകാ ജില്ലാ വ്യവസായ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഏറ്റവും വലിയ വ്യവസായ കേന്ദ്രമായി വളർന്നുവരുന്ന കഞ്ചിക്കോട് വ്യവസായമേഖലയെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ റീവാമ്പ് ചെയ്യാനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## (9) പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കൽ

ശ്രീ. എം. ഉമ്മർ: ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവിയില്ലാത്തതിനാൽ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന നിധി വിനിയോഗിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള അനുമതി നൽകാൻ സാധിക്കുകയില്ല.

## (10) സോഷ്യൽ മീഡിയയുടെ സ്വാധീനം

ശ്രീ. വി. ഡി. സതീശൻ: സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തിന്റെ ഫലമായി വീട്ടമ്മമാരും പെൺകുട്ടികളും നാടുവിട്ടുപോകുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സോഷ്യൽ മീഡിയയെ ദുരുപയോഗം ചെയ്യുന്ന രീതി വർദ്ധിച്ചുവരികയാണ്. കേരള പോലീസ് ആക്ടിലെയും ഐ.ടി. ആക്ടിലെയും ചില വ്യവസ്ഥകൾ സുപ്രീംകോടതി റദ്ദാക്കിയതിന്റെ ഫലമായി ഇതിനെതിരെ നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ട് നേരിടുകയാണ്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളും വൈറ്റ് കോളർ ക്രൈംസും നേരിടുന്നതിനായി വിവിധ സന്നദ്ധ സംഘടനകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെല്ലാം ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാണ്. കൂടാതെ ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും ജില്ലാ സൈബർ ക്രൈംസിന്റെയും നേതൃത്വത്തിൽ ബോധവൽക്കരണ പ്രക്രിയകൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്തെ സൈബർ പോലീസ് സ്റ്റേഷനും പോലീസ് ആസ്ഥാനത്തുള്ള ഹൈടെക് ക്രൈം എൻക്വയറി

സെല്ലും ജില്ലകൾതോറും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിനും കേസുകൾ തെളിയിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സമൂഹവും മാധ്യമങ്ങളും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്.

## (11) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

ശ്രീ. വി. ചെന്താമരാക്ഷൻ: കൊല്ലങ്കോട് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ കൊല്ലങ്കോടിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ട്രഷറി വകുപ്പിൽ നിന്നും കൈമാറിയ 50 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 3.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

## (12) ബോംബ് നിർമ്മാണത്തിനിടെ യുവാക്കൾ മരണമടഞ്ഞ സംഭവം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ ചെറ്റക്കണ്ടിയിൽ ബോംബ്

നിർമ്മാണത്തിനിടെ രണ്ട് യുവാക്കൾ മരണമടയുകയും നിരവധി യുവാക്കൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കണ്ണൂർ ജില്ലയിലെ ചെറ്റക്കണ്ടിയിൽ ഒഴിഞ്ഞ പറമ്പിൽ ബോംബ് നിർമ്മിക്കുന്നതിനിടയിൽ സ്ഫോടനം ഉണ്ടായതിന്റെ ഫലമായി രണ്ട് സി.പി.ഐ.(എം) പ്രവർത്തകർ കൊല്ലപ്പെടുകയും രണ്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. സ്ഫോടനം സംബന്ധിച്ച് പാനൂർ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. ബോംബ് നിർമ്മാണത്തിന് ഉപയോഗിച്ച സ്റ്റീൽ കണ്ടെയ്നറുകളും സ്ഫോടകവസ്തുക്കളും മറ്റ് അസംസ്കൃതവസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. സ്ഫോടനത്തിന് ഉത്തരവാദികളായ സി.പി.ഐ.(എം) പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയും അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലയിലെ ബോംബ് നിർമ്മാണവും ആയുധശേഖരവും പൂർണ്ണമായി ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കണ്ണൂർ റേഞ്ച് ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ രണ്ട് ബോംബ് ഡിറ്റക്ഷൻ സ്ക്വാഡുകളെ നിയമിക്കുകയും ഡോഗ് സ്ക്വാഡിന്റെ സേവനം വിനിയോഗിച്ച് വ്യാപകമായ റെയ്ഡുകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്.

## (13) ഫയർ സ്റ്റേഷൻ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം നൽകുന്നതിന് കൊയിലാണ്ടി നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണി പൂർത്തീകരിച്ച് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (14) അധ്യാപക തസ്തിക അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ. കെ. ലതിക: സർക്കാർ സ്കൂളുകളിലെ ഡിവിഷൻ വർദ്ധനയ്ക്ക് ആനുപാതികമായി അധ്യാപക തസ്തിക അനുവദിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഉന്നതതലത്തിലും അധ്യാപക സംഘടനകളുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ അധ്യയന വർഷം മുതൽ കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി 1:45 അനുപാതത്തിൽ തസ്തികനിർണ്ണയം നടത്തി ഡിവിഷൻ വർദ്ധനവിന് ആനുപാതികമായി അധ്യാപക തസ്തിക അനുവദിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങുന്നതോടെ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ വർദ്ധനവിനനുസരിച്ച് അധ്യാപകർ ലഭ്യമാകുന്നതാണ്. സ്വകാര്യസ്കൂളുകളിലെ അധിക അധ്യാപകരെ സർക്കാർ സ്കൂളുകളിൽ താല്ക്കാലികമായി നിയമിക്കുവാൻ കഴിയില്ല.

## (15) ഗുരുമന്ദിരം തകർത്ത സംഭവം

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലെ മുത്താനയിലെ ശ്രീനാരായണ ഗുരുമന്ദിരം ആക്രമിക്കപ്പെട്ട സംഭവത്തിൽ കാര്യക്ഷമമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വർക്കല നിയോജകമണ്ഡലത്തിലെ മുത്താന ജംഗ്ഷനു സമീപം സ്ഥാപിച്ചിട്ടുള്ള എസ്.എൻ.ഡി.പി. ശാഖാകെട്ടിടത്തിന്റെ ഗ്ലാസ്സുകൾ കല്ലെറിഞ്ഞ് പൊട്ടിക്കുകയും നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്ത സംഭവത്തിൽ കല്ലമ്പലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ആറ്റിങ്ങൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം സമഗ്രമായ അന്വേഷണം നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ നടപടികൾ

ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (16) തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

ശ്രീ. പി. കെ. ബഷീർ: നിലമ്പൂരിലെ അടച്ചുപൂട്ടിയ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് കമ്പനിയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അടച്ചുപൂട്ടിയ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് കമ്പനിയിലെ തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയും സമവായത്തിലെത്താൻ യൂണിയൻ പ്രതിനിധികളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. യൂണിയൻ പ്രതിനിധികളുടെ കൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുറവുള്ള തുക കണ്ടെത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (17) മണൽവാരൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ചാലിയാറിന് തീരത്തുള്ള അംഗീകൃത കടവുകളിൽ മണൽവാരലിന് നിയന്ത്രണം ഏർപ്പെടുത്തിയതുമൂലം തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടം അനുസരിച്ച് ചാലിയാർ പുഴയിലെ മണൽ സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡെവലപ്മെന്റ് (CSRD) എന്ന ഏജൻസിയെക്കൊണ്ട് ആഡിറ്റിംഗ് നടത്തുകയും സെസ്സ് സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്ത് റിവർ മാനേജ്മെന്റ് സെൽ മുഖാന്തിരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത അളവിൽ കുറവ് മണലുള്ള കടവുകളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും വർഷംതോറും എടുക്കാവുന്ന മണലിന്റെ അളവ് നിശ്ചയിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞ് സാന്റ് ആഡിറ്റിംഗ് വീണ്ടും നടത്തുമ്പോൾ മാത്രമേ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാൻ സാധിക്കൂ. നിലവിലെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വാഴക്കാട് പഞ്ചായത്തിനെ മാത്രം ഉൾപ്പെടുത്തി ഖനനം നടത്തുന്നത്.

## (18) പട്ടയം ലഭ്യമാക്കൽ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൊന്നാനി നിയോജകമണ്ഡലത്തിലെ ഭാരതപ്പുഴയുടെ തീരത്ത് ഈശ്വരമംഗലം പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം ജലാശയങ്ങൾ, ജലസ്രോതസ്സുകൾ എന്നിവയും അവയോട് ചേർന്നുവരുന്ന ഭൂമിയും പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നിക്ഷിപ്തമായിരിക്കുന്നു. പ്രസ്തുത പുറമ്പോക്കുഭൂമി പതിച്ചുനൽകുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കാൻ വ്യവസ്ഥയില്ല. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊന്നാനി ഈശ്വരമംഗലത്ത് പുഴപുറമ്പോക്കിൽ താമസിക്കുന്നവർക്കുകൂടി പട്ടയം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

## (19) റോഡ് പുനരുദ്ധാരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വാമനപുരം-ചിറ്റാർ റോഡ് ബി.എം. ആന്റ് ബി.സി. രീതിയിൽ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): 314.5 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുള്ള വാമനപുരം-ചിറ്റാർ റോഡ് ബി.എം.ആന്റ് ബി.സി. ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റെടുത്തിട്ടുണ്ട്. എത്രയുംവേഗം ഭരണാനുമതി നൽകുന്നതാണ്.

## (20) ഫിഷിംഗ് ഹാർബർ

ശ്രീ. ആർ. സെൽവരാജ്: മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി തുറമുഖ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

## (21) ആയൂർ-ഇത്തിക്കര റോഡിന് ഭരണാനുമതി

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലം നിയോജകമണ്ഡലത്തിലെ ആയൂർ-ഇത്തിക്കര റോഡിന് ഭരണാനുമതി നൽകുന്നതിനും പെരപ്പയം പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): കൊല്ലം ജില്ലയിലെ ആയൂർ-ഇത്തിക്കര റൂട്ടിൽ ഇലവംമൂട് മുതൽ ഓയൂർ വരെയുള്ള റോഡ് ബി.എം. ആന്റ് ബി.സി.യിൽ നവീകരിക്കുന്നതിനായി 13.85 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതാണ്. പെരപ്പയം പാലം നിർമ്മാണത്തിന് ഭരണാനുമതി

നൽകിയിട്ടുണ്ട്; കോൺക്രീറ്റിംഗിനുള്ള മിക്സ് ഡിസൈനിൽ മാറ്റംവരുത്തി സാങ്കേതികാനുമതി നൽകുന്നതാണ്.

## (22) പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ. കെ. നാരായണൻ: ധർമ്മടം നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലായ മമ്പറം, മണക്കായിക്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): ധർമ്മടം നിയോജകമണ്ഡലത്തിലെ മമ്പറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡ്-XVI പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും ഭൂമി ലഭ്യമാകാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതാണ്. മണക്കായിക്കടവ് പാലത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്കാവശ്യമായ സ്ഥലം മട്ടന്നൂർ മുനിസിപ്പാലിറ്റി കൈമാറിയിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ടെണ്ടർ ചെയ്ത് പ്രസ്തുത പണി ആരംഭിക്കുന്നതാണ്.

## (23) പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. സി. കെ. നാണു: കാലപ്പഴക്കംചെന്നതും അപകടാവസ്ഥയിലായതുമായ വടകരയിലെ മൂരാട്, പാലോളി, കരിമ്പന പാലങ്ങൾ പുതുക്കിപ്പണിയാനാവശ്യമായ

നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): എൻ.എച്ച്. 17 നാലുവരി പാതയാക്കി വികസിപ്പിക്കുമ്പോൾ നിലവിലുള്ള പാലം നിലനിർത്തിക്കൊണ്ട് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്നതാണ്. എൻ.എച്ച്. 17-ലെ കരിമ്പന പാലം, പാലോളി പാലം എന്നിവ പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി പാലോളി പാലത്തിന്റെ കൈവരിയുടെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

## (24) പട്ടികവർഗ്ഗ കോളനികളിലെ പ്രശ്നങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി മണ്ഡലത്തിൽപെട്ട അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കോളനി നിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ജയലക്ഷ്മി): ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോളനി നിവാസികളിൽ അർഹരെന്ന് കണ്ടെത്തിയ എല്ലാവർക്കും വനാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. മാരംകോട് കോളനി റവന്യൂ ഭൂമിയിലായതിനാൽ വനാവകാശ രേഖ നൽകാൻ കഴിഞ്ഞിട്ടില്ല. മലക്കപ്പാറ ആരോഗ്യ കേന്ദ്രത്തിലെ

ഡോക്ടർമാർക്ക് വേതനം പരിഷ്കരിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വാച്ച്മരം കോളനിയിലെ ആദിവാസികൾക്ക് വനഭൂമി പതിച്ചുനൽകുന്ന പ്രൊപ്പോസൽ വനം വകുപ്പിന്റെ പരിഗണനയിലാണ്. സൗരോർജ്ജ വേലിക്കായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതാണ്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം കിട്ടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിദ്യാഭ്യാസ വകുപ്പിൽനിന്നും കിട്ടുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതാണ്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരമുള്ള ചികിത്സാ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ അനുവദിക്കുന്നതാണ്.

## (25) പ്രത്യേക അനുമതി

ശ്രീ. സി. മോയിൻ കുട്ടി: കാലവർഷത്തിലും മറ്റും വീടുകൾ നഷ്ടപ്പെടുന്നവർക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഒരു നിശ്ചിത തുക നഷ്ടപരിഹാരം നൽകുന്നതിന് പഞ്ചായത്തുകൾക്ക് പ്രത്യേക അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ):

1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുക എന്നതൊഴിച്ച് പ്രകൃതിക്ഷോഭങ്ങൾ, ദുരന്ത നിവാരണം എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപെടുന്നില്ല. വീടുകൾ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികളുടെ കീഴിൽ ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിവരുന്നു. ദുരന്തനിവാരണം അനിവാര്യമായ ചുമതലയായി പഞ്ചായത്ത്രാജ് ആക്ടിൽ ഉൾക്കൊള്ളിക്കാത്തതുകൊണ്ട് പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന കൃഷി, പാർപ്പിടം എന്നിവയുടെ നാശത്തിന് അടിയന്തര സഹായം അനുവദിക്കാൻ പഞ്ചായത്തുകൾക്ക് നിർവ്വാഹമില്ല.

## (26) ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസ് തെറ്റയിൽ: താലൂക്ക് ആശുപത്രിയായി ഉയർത്തിയ അങ്കമാലി സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അങ്കമാലി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. 41 കിടക്കകളും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവുമുള്ള താലൂക്കാശുപത്രിയിൽ 4 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതു

സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (27) രോഗികൾ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളുടെയും ഡോക്ടർമാരുടെയും അപര്യാപ്തതമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഒഴിവുള്ള ആറ് ഡോക്ടർമാരിൽ എൻ.ആർ.എച്ച്.എം. വഴി മൂന്നും അഡ്ഹോക്ക് വ്യവസ്ഥയിൽ ഒന്നും ഉൾപ്പെടെ നാല് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അനസ്തെറ്റിസ്റ്റിന്റെയും ഡെർമറ്റോളജിസ്റ്റിന്റെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഒപ്താൽമിക് ഒ.പി. യുടെയും കാഷ്വാലിറ്റിയുടെയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഡയാലിസിസ് യൂണിറ്റിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രെയിനേജ് സെപ്റ്റിക് ടാങ്ക് ഇവയുടെ തകരാറ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഡോക്ടർമാരുടെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റിലെ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

## ക്രമപ്രശ്നം

### റൂളിംഗിനു വിരുദ്ധമായ പത്രവാർത്ത

ശ്രീ. എ. കെ. ബാലൻ: കഴിഞ്ഞദിവസം സഭയിലെ വനിതാ അംഗങ്ങളെക്കുറിച്ച് ശ്രീ. ആർ സെൽവരാജ് നടത്തിയ പരാമർശങ്ങൾ രേഖയിലുണ്ടാകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: സഭയിൽ നടക്കുന്ന ചർച്ചയിൽ ഏതെങ്കിലും ഭാഗം സ്പീക്കർ രേഖയിൽനിന്ന് നീക്കം ചെയ്താൽ അത് മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാൻ പാടില്ലെന്ന് ഒരിക്കൽക്കൂടി റൂളിംഗ് നൽകുന്നു.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവര പട്ടികയിലെ 3 (1) (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉൽപ്പാദനവും എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. പി.സി. ജോർജ് എം.എൽ.എ.-യെ താക്കീത് ചെയ്യാൻ സഭ ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്തു.

## അറിയിപ്പ്

### താക്കീത്

മി. സ്പീക്കർ : 2013 മാർച്ച് മാസം 14-ാം തീയതി ശ്രീ. പി.സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരേതനായ റ്റി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെ കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായികരിക്കാനാവാത്തതിനാലും പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് അദ്ദേഹം നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും നിയമസഭാംഗമെന്ന ബഹുമാന്യ പദവിക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രീ. പി.സി. ജോർജിനെ താക്കീത് ചെയ്യുന്നു.

ശ്രീ. പി. സി. ജോർജ്: നിയമസഭാകമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും അതിലൂടെ ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ

ഭരണഘടനാപരമായ ബാദ്ധ്യതയായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിക്കണമെന്നും ശക്തമായി ആവശ്യപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ആ നിലയ്ക്ക് അങ്ങയുടെ തീരുമാനത്തെ വളരെ ആദരവോടുകൂടി സ്വീകരിക്കുന്നു. എന്റെ വീട്ടിലിരുന്ന് സ്വകാര്യസംഭാഷണത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ ഒളിക്യാമറയിലെടുത്ത് പ്രസിദ്ധീകരിച്ച് എന്നെ അപമാനിക്കാൻ ശ്രമിച്ച സാഹചര്യം ജനങ്ങൾക്ക് അറിയാം.

**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

## 2014-ലെ ദി കേരള ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന

ശ്രീ. എം. ഉമ്മർ: 2014 ജൂൺ 9-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 50/2014/എസ്.ജെ.ഡി (എസ്. ആർ. ഒ. നമ്പർ 378/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസിന് ഭേദഗതികൾ അവതരിപ്പിക്കുന്നു. ആക്ടുമായി ബന്ധപ്പെടുമ്പോൾ അതിന്റെ സ്പിരിറ്റിന് വിരുദ്ധമായതുകൊണ്ടാണ് ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്. അവ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ

നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായൊരു പ്രശ്നം ഉൾക്കൊണ്ടിട്ടുണ്ട്. സഭ പാസ്സാക്കിയ ഒരു നിയമം എങ്ങനെ വ്യാഖ്യാനിക്കണമെന്ന് എക്സിക്യൂട്ടീവ് തീരുമാനിച്ച് ചട്ടത്തിൽ ചേർക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. ഇതിലൂടെ ഡെലിഗേറ്റഡ് ലെജിസ്ലേഷന് കൊടുത്തിരിക്കുന്ന അധികാരം എക്സീഡ് ചെയ്തിരിക്കുകയാണ്. അതിനുള്ള അധികാരം എക്സിക്യൂട്ടീവിന് ഇല്ല. അതുസംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്നവ അംഗീകരിക്കുന്നു.

I. In rule 16(4) for the words " The Governments," the words " The Government " shall be substituted.

IV. In rule 30(1) the words " The Chairperson or a member nominated by committee to chair the meeting in the absence of the Chairperson, shall convene the meetings of the Committee and maintain the records." shall be deleted.

VI. In rule 41(d) (vii) after the words " Medical Certificate" , the words " from a Registered Medical Practitioner" shall be added.

VII . In rule 50 after the word " mobile" , the word " phone " shall be added.

റൂൾ 52 (1) ചെറിയ മാറ്റത്തോടുകൂടി ഭേദഗതി അംഗീകരിക്കുന്നു.

VIII. In rule 52(1) for the words " various Governments, Non Government," the words " various Government Non- Governmental agencies" shall be substituted.

IX. In rule 56(3) after the words " An yellow token" , the words " signed by the Superintendent" shall be added.

XI. In rule 66(1) (g) for the words " six months" , the words " one year" shall be substituted.

XII. In rule 68(3) after the words " Assistant Engineer (Electrical)-Member" , the words " Health Inspector-Member " shall be added.

XIII. In rule 79(1) for the words " date and time" , the words " date, time and purpose" shall be substituted.

XIV. In rule 82(8) after Serial Number 13, the following shall be added as Serial Number 14, namely:-

" 14 Health Inspector 1"

and the rest shall be renumbered and the total number of posts shall be renumbered to " 41" .

XV. In rule 83(2)(a) after the words " voter card" , the words " or adhar card" shall be added.

XVI. In rule 84(5)(a) for the words " Indian Trust Act" the words " Indian Trusts Act" shall be substituted.

XVII. In rule 89(2) after the word " negative" , the symbol and the words " /digital memory card" shall be inserted.

_ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരേണ്ടതുണ്ട്. റൂൾസിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുകയാണ്. അതിനായി ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ഭേദഗതി നിർദ്ദേശങ്ങൾ ഗൗരവത്തോടുകൂടി ഉൾക്കൊള്ളുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അനുസംബന്ധിച്ച് നൽകുന്ന നിർദ്ദേശം മുഖവിലയ്ക്ക് എടുക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. മാത്യു. റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നം പരിഗണിക്കുന്നതിന് സബോർഡിനേറ്റ് ലെജിസ്ലേഷന് അധികാരമുണ്ട്. ഈ സമിതി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യംകൂടി പരിഗണിക്കണമെന്ന്

നിർദ്ദേശിക്കുന്നു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

## ധനകാര്യം

### 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി- പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ /മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (1779,83,85,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം (246,28,36,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പട്ടികജാതി/പട്ടികവർഗ്ഗ /മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്താൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഈ സർക്കാർ ഫണ്ട് ചെലവഴിക്കുകയോ പദ്ധതി പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന നടപടിയിൽ മാറ്റം വരുത്തണം. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകാനുള്ള വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക വരുത്തിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ പദ്ധതി അവതാളത്തിലാണ്. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കാനും പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനും മെഡിക്കൽ കോളേജിന് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്നതിനുള്ള

അംഗീകാരം നേടിയെടുക്കാനും കഴിയണം. പട്ടികജാതി വിഭാഗത്തിനു നേരെ അതിക്രമങ്ങൾ കാട്ടുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം. പോലീസ് മർദ്ദനത്തിൽ പട്ടികജാതി യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ മൗനം പാലിച്ച വകുപ്പുമന്ത്രിയുടെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഒരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കാനോ ഭൂമി വിതരണം ചെയ്യാനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടൂറിസം മേഖലയുടെ പിന്നോക്കാവസ്ഥ കണ്ടില്ലെന്ന് നടിക്കരുത്. പാലക്കാട് ജില്ലയിലെ മീൻവല്ലം പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. ടൂറിസം വികസന പദ്ധതികളിലെ ക്രമക്കേടുകൾ ഗൗരവമായി കാണണം.

<u>ശ്രീ. വി.പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ലാത്ത നിരവധി നേട്ടങ്ങളും പ്രവർത്തനങ്ങളും കാഴ്ചവയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചതിനു പുറമെ മൂന്ന് എയ്ഡഡ് കോളേജുകൾകൂടി തുടങ്ങാനുള്ള തീരുമാനം ചരിത്രസംഭവമാണ്. പുതുതായി രണ്ട് കോളേജുകൾകൂടി ഈ വർഷം ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. എൻട്രൻസ് പരീക്ഷാ പരിശീലന പദ്ധതി, സൗജന്യ സൈക്കിൾ വിതരണം, വിദ്യാഭ്യാസ

സഹായ പദ്ധതി തുടങ്ങി വിദ്യാഭ്യാസ രംഗത്ത് മുൻകാലങ്ങളിൽ ഉണ്ടായിട്ടില്ലാത്ത ഒട്ടേറെ പദ്ധതികളും പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനവും നടപ്പാക്കാൻ കഴിഞ്ഞു. പുതിയ ഹോസ്റ്റലുകൾ പ്രവർത്തനമാരംഭിച്ചതും കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയും സ്വാഗതാർഹമാണ്. ഗാന്ധിഗ്രാമം പദ്ധതിയിൽപ്പെട്ട കോളനികളിലെ നവീകരണ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണം. പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണം, ഭൂമി വാങ്ങൽ, ചികിത്സാ ധനസഹായങ്ങൾ എന്നിവ വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളിൽനിന്നും പഠിച്ചിറങ്ങുന്നവർക്ക് ജോലി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള കോഴ്സ് സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്നതിന് പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനെക്കുറിച്ചും പ്രായോഗികതലത്തിൽ കോഴ്സ് നടത്തുന്നതിനെക്കുറിച്ചും ഗൗരവപൂർവ്വം ചിന്തിക്കണം. എൻ.ഡി.ടി.എഫ്. പോലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ പ്രോത്സാഹിപ്പിക്കാനും എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. വനാന്തരങ്ങളിൽ താമസിക്കുന്ന

കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കണം. ആദിവാസി മേഖലയിലെ എൻ.ജി.ഒ.കളുടെ പ്രവർത്തനം നിരീക്ഷിക്കാനും നിയന്ത്രണവിധേയമാക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. മുല്ലക്കര രത്നാകരൻ: പരിഷ്കൃത സമൂഹത്തിലെ മാറ്റങ്ങൾക്കൊന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിതശൈലിയിൽ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സമൂഹം നേരിടുന്ന അടിസ്ഥാന പ്രശ്നം ഭൂമിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനെക്കുറിച്ച് ഭരണസംവിധാനം ഗൗരവമായി ആലോചിക്കണം. ആദികാലം മുതൽ ഭൂമിയുടെ യഥാർത്ഥ അവകാശികളായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ ഭൂമിയെ ചൂഷണം ചെയ്യാതെ ജീവിക്കുന്നവരാണ്. കൊല്ലം ജില്ലയിലെ അരിപ്പ പ്രദേശത്ത് മാതൃകാപരമായി സമരം നടത്തുന്നവരുടെ പ്രശ്നത്തിൽ ഇടപെടാനും അവർക്ക് കൃഷി ചെയ്യാനുള്ള അവകാശം നൽകാനും തയ്യാറാകണം. തരിശുഭൂമി ഏറ്റെടുത്ത് സംയോജിത പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ശാസ്ത്രീയമായി നടപ്പാക്കാനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കണം. സ്വകാര്യ എയിഡഡ് മേഖലയിൽ പട്ടികജാതി വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താനാവശ്യമായ നിയമനിർമ്മാണം

നടത്തണം. കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ച മീൻമുട്ടി വിനോദസഞ്ചാര പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണം. പ്രകൃതിയുടെ വരദാനങ്ങളെ വിശുദ്ധമായി നിലനിർത്തുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്. 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്, പുസ്തകങ്ങൾക്ക് ഗ്രാന്റ്, ലാപ് ടോപ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. കോളനികളിൽ വിജ്ഞാനവാടികൾ ആരംഭിക്കുകയും സ്വയം പര്യാപ്ത ഗ്രാമം, ഭവനനവീകരണം, തുടങ്ങിയവയ്ക്കായി അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിച്ചു. ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും പാർപ്പിട നിർമ്മാണം, വിവാഹ-ചികിത്സാ ധനസഹായം എന്നിവയ്ക്കുള്ള തുക വർദ്ധിപ്പിക്കാനും വായ്പകൾ എഴുതിത്തള്ളാനും നടപടി സ്വീകരിച്ചു. ഹാംലെറ്റ് പദ്ധതിപ്രകാരം ഏറ്റെടുത്ത കോളനികളുടെ വികസനത്തിനായി അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കണം. ന്യൂനപക്ഷ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള

പദ്ധതികൾ നിർത്തലാക്കുന്ന കേന്ദ്ര ഗവൺമെന്റ് നിലപാടിനെതിരെയും ശക്തമായ ഇടപെടലുണ്ടാകണം. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയും 16 കോച്ചിംഗ് സെന്ററുകളും 21 സബ്സെന്ററുകളും ആരംഭിച്ച് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുകയും വിധവകൾക്ക് വീട് നിർമ്മിച്ചു നൽകുകയും കേന്ദ്ര ഫണ്ടുപയോഗിച്ച് കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി കോളനികളിലെ ശിശുമരണങ്ങൾക്കും പ്രസവാനന്തര മരണങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണണം. വയനാട് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി കോളനി നിവാസികളെ നക്സലൈറ്റ്-മാവോയിസ്റ്റ് പാതയിലേയ്ക്ക് തള്ളിവിടുന്ന പ്രവണതയ്ക്ക് അന്ത്യം കുറിക്കണം. പട്ടിജകജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും ഫലപ്രദമായ നടപടി സ്വീകരിക്കണം. വിനോദസഞ്ചാരമേഖലയുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും മൺസൂൺ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര സഹായത്തോടെ വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ സംഭവിച്ചിട്ടുള്ള വീഴ്ച കാരണം കേന്ദ്ര സഹായം

നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷിക്കണം. 'കില'യുടെ നേതൃത്വത്തിൽ പട്ടികജാതികോളനികളിൽ നടത്താനുദ്ദേശിക്കുന്ന സ്വയംപര്യാപ്ത പദ്ധതികൾ കാര്യക്ഷമമാക്കണം. പട്ടികജാതി-പട്ടികവിഭാഗക്കാരെ പിന്നോക്കക്കാരായി നിലനിർത്തുന്ന കോളനി സംവിധാനത്തിന് മാറ്റം വരുത്തണം. അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി, മലയാറ്റൂർ തീർത്ഥാടനകേന്ദ്രങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ആഭ്യന്തര ടൂറിസം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മലകളെയും പുഴകളെയും നദികളെയും തടാകങ്ങളെയും തണ്ണീർത്തടങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വികസന നയമാണ് ടൂറിസം രംഗത്ത് സ്വീകരിക്കേണ്ടത്. സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 9 ശതമാനം വിനോദ സഞ്ചാര മേഖലയിലാണ്. മികച്ച ഒരു ടൂറിസം നയം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്കുകൂടി ലഭിക്കുക എന്നതാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രധാന ടൂറിസം കേന്ദ്രമായ ഇടുക്കിയിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇടുക്കി ആർച്ച് ഡാമിനോട് ചേർന്നുള്ള ഹിൽവ്യൂ പാർക്ക്, കല്യാണത്തണ്ട്, അഞ്ചുരുളി തുടങ്ങിയ പോയിന്റുകളെ

ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ഗ്രാമീണ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണം. ഹിൽവ്യൂ പാർക്കിൽ ആർട്ട് ഗ്യാലറിയും മ്യൂസിയവും നിർമ്മിക്കുന്നതിനും ജില്ലയിൽ എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾക്ക് താമസിക്കുന്നതിനായി ഹോട്ടൽ സമുച്ചയം പണിയുന്നതിനും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, തേക്കടി, ഇടുക്കി ഇവയെ ബന്ധിപ്പിച്ചുള്ള ടൂറിസം പാക്കേജ് പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വളരെയേറെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകിയതിലൂടെ 3771 പേർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. സ്വന്തമായി ഭൂമിയുള്ളതും ഭവനരഹിതരുമായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8374 പേർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകി. ദളിത് ക്രൈസ്തവരായിട്ടുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വിശ്വകർമ്മ സമുദായങ്ങളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇടുക്കിയിൽ ആദിവാസികളുടെ രാജാവിന് ഒരു രാജധാനി പണിയുന്നതിന് നടപടി

സ്വീകരിക്കണം.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കായി ധാരാളം വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. വനാവകാശ നിയമം അനുസരിച്ച് 8222 കുടുംബങ്ങൾക്ക് ഭൂമി കൊടുത്തു. കുട്ടികളുടെ വിദ്യാഭ്യാസം, കുടിവെള്ളം, റോഡ് എന്നിവയ്ക്ക് പരിഹാരം കണ്ടുവരുന്നു. മോശമായ കോളനികൾ തെരഞ്ഞെടുത്ത് ഒരു കോടി രൂപ മുടക്കിക്കൊണ്ടുള്ള പദ്ധതികളാണ് ഹാംലറ്റ് പദ്ധതിയിൽപ്പെടുന്നത്. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 617 കുടുംബങ്ങളിൽ 447 കുടുംബങ്ങൾക്ക് ഒരു സെന്റ് ഭൂമിപോലുമില്ലെന്ന് ഗവൺമെന്റ് കണ്ടെത്തിയതിനെത്തുടർന്ന് ഒരു ഏക്കർ ഭൂമി വീതം കൊടുക്കാനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. വീട് നിർമ്മിക്കുന്നതിനായി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അരിവാൾ രോഗികൾക്ക് 1000 രൂപ പെൻഷൻ, സൗജന്യചികിത്സ, പോഷകാഹാര സംവിധാനം എന്നിവ നൽകി. ചികിത്സാ ധനസഹായം 25000 രൂപയിൽനിന്നും 100000 രൂപയായി വർദ്ധിപ്പിച്ചതുകൂടാതെ ജനനിജന്മസുരക്ഷാ പദ്ധതി പോലെയുള്ള നിരവധി പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയതിലൂടെ

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സാധിച്ചു. വനാന്തരങ്ങളിലുള്ള കുട്ടികൾക്ക് സ്കൂളുകളിലേയ്ക്ക് വരുന്നതിനും പോകുന്നതിനുമുള്ള സാഹചര്യമുണ്ടാക്കി. മെഡിക്കൽ, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ലാപ് ടോപ്പും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി യുവതികൾക്ക് 500 ഓട്ടോറിക്ഷയും കൊടുത്തു. കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'പൈതൃകോത്സവം' എന്ന പദ്ധതിയും ഹോസ്റ്റലുകളിലും റസിഡൻഷ്യൽ സ്കൂളുകളിലും പഠിക്കുന്ന കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കുന്നതിനായി 'സർഗ്ഗോത്സവം' എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റോഡുകൾ, പാലങ്ങൾ ഉൾപ്പെടെയുള്ള വികസനങ്ങൾ നടത്തുന്നതിനായി മന്ത്രി മുൻകൈയെടുത്ത് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് സംവിധാനത്തിന് രൂപം കൊടുക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടും പട്ടികവർഗ്ഗ വിഭാഗത്തിന് യാതൊരുവിധ അവകാശങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അടിമാലിയിലെ കൊരങ്കാട്ടി ആദിവാസി സ്കൂളിനെ ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളാക്കി മാറ്റുന്നതിനും 1986-നുശേഷം കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കുടിയേറിയ

ആദിവാസികൾക്ക് എസ്.സി. സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. പോസ്റ്റ് മെട്രിക് സ്കൂളുകളിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കണം. ഹാംലെറ്റ് കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, ഗ്രൗണ്ട്, ശ്മശാനം തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണം. പഞ്ചായത്തുവഴി TSP/SCP ഫണ്ടുപയോഗിച്ച് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ തുക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഒരു ജനകീയ സർക്കാരിന്റെ നിലനിൽപ്പും അതിന്റെ മുന്നോട്ടുപോക്കും ജനങ്ങളിൽ അധിഷ്ഠിതമാണെന്ന ആശയം മുന്നോട്ട് കൊണ്ടുപോകുന്ന സർക്കാരാണ് ഇത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര ക്ഷേമത്തിനായി ഒരുപാട് കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്. കൃഷി ചെയ്യാൻ സ്വന്തമായി പട്ടയ ഭൂമിയുള്ളവർക്ക് കൃഷിക്കാവശ്യമായ വെള്ളമെത്തിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ നഴ്സുമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകി ആദിവാസികളുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കണം. പട്ടികജാതിക്കാർക്കായി പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിച്ചത് ഏറ്റവും നല്ല തീരുമാനമാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഉണ്ടായിട്ടുള്ള പുരോഗതി ശ്ലാഘനീയമാണ്. അന്യസംസ്ഥാന

തൊഴിലാളികളിൽ ഭൂരിഭാഗവും ആദിവാസിമേഖലയിൽ നിന്നുള്ളവരാണെന്നത് നാം ഗൗരവമായി കാണേണ്ടതാണ്. ആദിവാസി സമൂഹത്തെ എല്ലാം ഒരുപോലെ കാണാതെ അവയിൽത്തന്നെ പല വിഭാഗങ്ങളുണ്ടെന്ന് മനസ്സിലാക്കി അവയ്ക്കനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഗവൺമെന്റ് സപ്പോർട്ടും ജനങ്ങളുടെ മനോഭാവത്തിൽ വന്ന മാറ്റവും പ്രൈവറ്റ് മേഖലയുടെ കടന്നുവരവും ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ടൂറിസത്തിന്റെ അഭിരുചികൾ മാറുന്നതനുസരിച്ച് ടൂറിസത്തിന്റെ മാർക്കറ്റിംഗിലും കാലാനുസൃതമായി മാറ്റം വരുത്തണം. സ്കിൽ ഡവലപ്മെന്റ് അത്യാവശ്യമായ ഒരു ഘടകമായതിനാൽ നൈപുണ്യം പദ്ധതിയിലൂടെ പുതിയ പ്രോജക്ടുകൾ കൊണ്ടുവരുന്നത് നന്നായിരിക്കും. ടൂറിസം മേഖലയിലെ പുതിയ ഭീഷണികളെ നേരിടാൻ നാം പുതിയ രീതികൾ അവലംബിക്കേണ്ടതുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സാമ്പത്തിക സെൻസസ് പ്രകാരം നമ്മുടെ രാജ്യത്തെ 90 ശതമാനം ആളുകളും ദരിദ്രരാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 68 വർഷക്കാലം നടപ്പാക്കിയ പദ്ധതികൾ കൊണ്ട് ഗ്രാമീണ ജനതയ്ക്ക് വേണ്ടത്ര പുരോഗതിയുണ്ടായില്ല. ദാരിദ്ര്യവും നിരക്ഷരതയും അനുഭവിക്കുന്നവർ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളാണ്. ഇന്ത്യയിൽ 16.8 ശതമാനം പട്ടികജാതിക്കാരും 8.6 ശതമാനം പട്ടികവർഗ്ഗക്കാരും ഉണ്ടെന്നാണ്

കണക്കാക്കിയിട്ടുള്ളത്. ഈ ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കോടികൾ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികളുടെ പ്രയോജനം ലഭിച്ചില്ലെന്നുമാത്രമല്ല പുതിയ പദ്ധതികൾക്കുള്ള കേന്ദ്രഫണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. നവോത്ഥാന നായകരുടെ പോരാട്ടങ്ങളിലൂടെയും പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രക്ഷോഭങ്ങളിലൂടെയും ഇടതുപക്ഷ ഗവൺമെന്റുകൾ കൊണ്ടുവന്ന സാമൂഹ്യപരിഷ്കരണ നിയമങ്ങളിലൂടെയും വിദ്യാഭ്യാസ പരിഷ്കരണങ്ങളിലൂടെയും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതത്തിലുണ്ടായ മുന്നേറ്റങ്ങളെ പുറകോട്ടടിക്കുന്ന നടപടികളാണോ നടക്കുന്നതെന്ന് ആശങ്കയുണ്ട്. പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ തകരുന്ന കാഴ്ചയാണ് കാണുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാറ്റിവച്ച തുകയിൽ 52 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ബാക്കിയെല്ലാം ചെലവഴിച്ചുവെന്ന് രേഖയുണ്ടാക്കുകയാണ് ചെയ്തിരിക്കുന്നത്. അവർക്ക് ഫിസിക്കൽ അച്ചീവ്മെന്റ് ലഭിക്കുന്നില്ല. വാസയോഗ്യമായ പാർപ്പിടങ്ങൾക്കുവേണ്ടി വളരെയേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. വിദ്യാഭ്യാസമേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ സ്ഥിതി

മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഐ.ടി.സി.-യുടെ നിർമ്മാണം ആരംഭിച്ചിട്ട് നാല് വർഷമായെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഐ.ടി.സി.-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. എയ്ഡഡ് കോളേജുകളിലെ 6802 അദ്ധ്യാപക തസ്തികകളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 49 പേരും പട്ടികവർഗ്ഗവിഭാഗത്തിൽ നിന്നും 5 പേരും മാത്രമാണുള്ളത്. 3274 അനദ്ധ്യാപക തസ്തികകളിൽ 39 പട്ടികജാതിക്കാരും 6 പട്ടികവർഗ്ഗക്കാരും മാത്രമാണുള്ളത്. ഒരു ലക്ഷത്തിലധികം അദ്ധ്യാപകരുള്ള എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട 380 പേർ മാത്രമാണുള്ളത്. അവിടെ അനദ്ധ്യാപകരുടെ എണ്ണം 165 മാത്രമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം കൃത്യമായി പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും അഭിവൃദ്ധി ലക്ഷ്യം വച്ചുകൊണ്ട് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ 87 കോടി രൂപ വിനിയോഗിക്കുകയും

രണ്ടര ലക്ഷം രൂപ വീതം ചെലവഴിച്ച് നിരാലംബരായ വനിതകൾക്കായി 950 വീടുകൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായി അനുവദിച്ച 10 കോടി രൂപയുടെ കോർപ്പസ് ഫണ്ട് പലിശരഹിതമാക്കുകയും മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എം.എസ്.ടി.പി. പദ്ധതിക്കായി ഏകദേശം 36 കോടി രൂപ വിനിയോഗിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി മെഡിക്കൽ കോളേജ് ആരംഭിക്കുകയും ചെയ്തു. യോഗ്യത നോക്കാതെ 300 ആദിവാസികളെ പോലീസ് സേനയിലെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ വീതം അനുവദിച്ചതിനുപുറമേ നിർമ്മാണത്തിനാവശ്യമായ മരം മുറിക്കുന്നതിനും അനുവാദം നൽകി. വയനാട്ടിലെ ആദിവാസി പെൺകുട്ടികൾക്ക് 500 ഓട്ടോറിക്ഷകൾ വിതരണം ചെയ്തു. ടൂറിസം രംഗത്ത് വളർച്ചയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. തീരദേശത്തിന്റെ അനന്ത സാദ്ധ്യതകൾ ഉപയോഗിക്കാൻ സാധിക്കണം. ടൂറിസം പ്രചരണത്തിന് കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കണം. കനോയി കനാലിനെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ജലപാതയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശശി:</u> പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ

പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സർക്കാരിന് സാധിച്ചില്ല. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി കൊണ്ടുവന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ലഭ്യമായ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതു സംബന്ധിച്ച സുപ്രീം കോടതി ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി റവന്യൂ വകുപ്പ് മറ്റാവശ്യങ്ങൾക്ക് പതിച്ചുകൊടുക്കുകയാണ്. പട്ടികവിഭാഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടികളുണ്ടാകുന്നില്ല. എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കണമെന്ന ഹൈക്കോടതി വിധി നടപ്പാക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനം ചരിത്രപ്രാധാന്യമുള്ളതാണ്. പട്ടികജാതി/മറ്റു പിന്നോക്കജാതി സംഘടനകൾക്ക് എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയതും പിന്നോക്കം നിൽക്കുന്ന മുപ്പതോളം സമുദായങ്ങൾക്ക് ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യം നൽകിയതും വിവിധ സമുദായങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ കമ്മീഷനുകളെ നിയമിക്കുകയും ചെയ്തത് ഈ സർക്കാരാണ്. കേന്ദ്രസർക്കാർ

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുമ്പോൾ സംസ്ഥാന സർക്കാർ അത് ഉയർത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ ഭാഷയേയും സംസ്കാരത്തെയും ആചാരനുഷ്ഠാനങ്ങളെയും സംരക്ഷിക്കുന്നതിന് വിപുലമായ പരിപാടികളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. സ്റ്റാർട്ട്-അപ് വില്ലേജുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും പട്ടികജാതിക്കാരെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. വിനോദസഞ്ചാരമേഖലയിൽ വൻ കുതിച്ചുചാട്ടമാണ് കേരളം നടത്തിയത്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ട് 87 കോടി രൂപയാക്കി വർദ്ധിപ്പിക്കുകയും 12 കോടി രൂപ ചെലവിൽ 42 കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

**അറിയിപ്പ്**

മി. സ്പീക്കർ: 21-ാം തീയതി വൈകുന്നേരം 6.00 മണിക്ക് ശ്രീ. ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോ മെംബേഴ്സ് ലോഞ്ചിൽ വച്ച് നടത്തുന്നുണ്ട്. എല്ലാ അംഗങ്ങളെയും കുടുംബസമേതം ക്ഷണിക്കുകയാണ്.

ശ്രീ. പി. റ്റി. എ. റഹീം: പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമത്തിനായി ഇത്രയധികം തുക ചെലവഴിച്ചിട്ടും അട്ടപ്പാടിയിലെ സ്ഥിതി പരിതാപകരമായി

തുടരുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. പിന്നോക്ക-കീഴ്ജാതിക്കാരോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തണം. മുസ്ലീം പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് മുൻകയ്യെടുത്തതും മദ്രസ അദ്ധ്യാപകരുടെ ക്ഷേമനിധി രൂപീകരിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ളിൽ വിഭാഗീയത സൃഷ്ടിച്ചുകൊണ്ടാണ് ഈ സർക്കാൻ മുന്നോട്ട് പോകുന്നത്. ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതു സമൂഹത്തിന്റെ പിന്തുണ ആവശ്യമാണ്.

(ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭവിട്ട് ഇറങ്ങിപ്പോയി)

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഈ വകുപ്പിന്റെ കീഴിൽ 17 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.ഇ. സ്കൂളും പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന് 107 പ്രീ മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. 11 ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടങ്ങൾ അനുവദിച്ചു.

വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് 'ഗോത്ര സാരഥി' എന്ന പദ്ധതിക്ക് രൂപം നൽകുകയും അവരുടെ സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ' സർഗ്ഗോത്സവം' എന്ന പേരിൽ യുവജനോത്സവം നടത്തുകയും ചെയ്യുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കുള്ള ധനസഹായം, പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരമുള്ള ധനസഹായം എന്നിവ നേരിട്ട് അവരുടെ അക്കൗണ്ടിൽ കിട്ടുന്ന വിധത്തിൽ 'ഇ-ഗ്രാന്റ്' പദ്ധതി നടപ്പിലാക്കിവരുന്നു. പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിനായി പഠിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. വിദ്യാർത്ഥികൾക്ക് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് 'ഭാരത് ദർശൻ' എന്ന പദ്ധതി നടപ്പിലാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി 'ജനനി ജന്മരക്ഷ' എന്ന പദ്ധതി നടപ്പിലാക്കിവരുകയാണ്. രോഗികളായവർക്ക് താലൂക്ക്, ജില്ലാ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആവശ്യമായ സഹായം ചെയ്യുന്നതിന് 138 ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുമന്ത്രിയുടെ ചികിത്സാ ഫണ്ട് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സിക്കിൾസെൽ അനീമിയ ബാധിച്ചവർക്ക് പ്രതിമാസം ആയിരം രൂപ നൽകുന്നതിനു പുറമേ പോഷകാഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകിവരുന്നു.

അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിനായി 'കൈത്താങ്ങ്' എന്ന പദ്ധതിയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 'ഹാംലറ്റ്' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. വനാവകാശ നിയമ പ്രകാരം 'ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതിക്ക് രൂപം നൽകി. ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി അട്ടപ്പാടിയിൽ ശിശുമരണം ഫലപ്രദമായി നിയന്ത്രിക്കാനും അവരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകാനും സാധിച്ചു. ഇടമലക്കുടിയിലെ വികസന പ്രവർത്തനങ്ങൾക്കായി 10 കോടി 35 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. അവിടെ അണ്ടർ ഗ്രൗണ്ട് വൈദ്യുതി കേബിൾ ഇടുന്നതിന് 4 കോടി 77 ലക്ഷം രൂപ അനുവദിച്ചു. ആറളം റീസെറ്റിൽമെന്റ് ഏരിയയിൽ നബാർഡിന്റെ ഫണ്ട് വിനിയോഗിച്ച് സമഗ്ര വികസന പദ്ധതിക്ക് രൂപം നൽകുന്നതിന് തീരുമാനിച്ചു. നബാർഡിന്റെ ധനസഹായത്തോടുകൂടി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡുകൾ നിർമ്മിക്കും. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമെന്ന നിലയിൽ പട്ടികവർഗ്ഗക്കാർക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണം. പട്ടികവർഗ്ഗവികസന വകുപ്പിന്റെ തൊണ്ണൂറ്റിയഞ്ച് ശതമാനത്തോളം ഫണ്ടുകൾ ചെലവഴിച്ചു കൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു വകുപ്പ് രൂപീകരിച്ചത് ഈ സർക്കാരാണ്. കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് പദ്ധതിവിഹിതം എൺപത്തിയേഴ് കോടിരൂപയായി വർദ്ധിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തുകയുണ്ടായി. വകുപ്പിനുകീഴിൽ പ്രവർത്തനം തുടങ്ങിയ ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് സ്കീമിൽ വയനാട് ജില്ലയിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഇരുപത്തിയാറ് കോടിരൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ന്യൂനപക്ഷജനവിഭാഗത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ ഉയർച്ചയിലേയ്ക്ക് എത്തിക്കുന്നതിനായി ന്യൂനപക്ഷധനകാര്യ വികസന കോർപ്പറേഷൻ പല പദ്ധതികളും നടപ്പിലാക്കിവരികയാണ്. വിവിധ സ്കീമുകളിലായി മുപ്പത് കോടി രൂപ ചെലവഴിക്കാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. അർഹരായ മുസ്ലിം യുവജനതയെ തൊഴിൽരംഗത്ത് പരിശീലിപ്പിക്കുന്നതിനായി കോച്ചിംഗ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷജന വിഭാഗങ്ങളിൽപ്പെട്ട ദുർബ്ബലർക്കും വിവാഹമോചിതർക്കുമായി പാർപ്പിടപദ്ധതിയും കുടിവെള്ളപദ്ധതിയും

നടപ്പിലാക്കി വരികയാണ്. ന്യൂനപക്ഷങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മുസ്ലിം വിദ്യാർത്ഥികൾക്ക് സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് ഏർപ്പെടു ത്തുകയും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, മെരിറ്റ് -കം -മീൻസ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുകയും വിവിധ കോഴ്സുകളുടെ ഫീസ് റീ-ഇംപേഴ്സ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. മദ്രസാ അധ്യാപകരുടെ ക്ഷേമനിധി പെൻഷൻ പലിശ രഹിതമാക്കാനും അംഗസംഖ്യ വർദ്ധിപ്പിക്കാനും പോസ്റ്റ് ഓഫീസുകളിൽനിന്നും ഓൺലൈൻ ആയി അംഗത്വമെടുക്കാനും നടപടി സ്വീകരിച്ചു. ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം 10000 രൂപയായി വർദ്ധിപ്പിക്കാനും എഞ്ചിനീയറിംഗിന് പഠിക്കുന്ന മക്കൾക്ക് ലാപ് ടോപ് അനുവദിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിർദ്ദേശങ്ങളെയും അഭിപ്രായങ്ങളെയും സ്വാഗതം ചെയ്യുന്നു. പട്ടികജാതിവിഭാഗത്തിന്റെ വികസനത്തിന് കഴിഞ്ഞവർഷം ഏകദേശം 96%-ത്തോളം ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഭവനപദ്ധതിക്കുള്ള തുകയും ഭൂമി വാങ്ങുന്നതിനുള്ള തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. എൽ.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ

പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപെന്റ് രണ്ട് സ്ലാബുകളാക്കി മാറ്റുകയും ലംപ്സംഗ്രാന്റ് തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റികളിലും സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളിലും മാനേജ്മെന്റ് വിഭാഗത്തിലുൾപ്പെടെ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാനദണ്ഡപ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. നിബന്ധനകൾ ലഘൂകരിച്ചുകൊണ്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്തുപോയി പഠനം നടത്തുന്നതിനും സിവിൽ സർവ്വീസ് അക്കാദമിയിൽ പഠിക്കുന്നവർക്ക് മുഴുവൻ ഫീസാനുകൂല്യം നൽകുന്നതിനും പ്രിലിമിനറി എക്സാമിനേഷൻ പാസ്സാകുന്നവർക്ക് സംസ്ഥാനത്തിനകത്തോ പുറത്തോ പോയി പഠിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എൻട്രൻസ് എക്സാമിനേഷന് റിപ്പീറ്റ് ചെയ്യുന്ന കുട്ടികൾക്ക് തുക നൽകുന്നതാണ്. നഴ്സറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണച്ചെലവ് 30 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പദ്ധതികൾ ആരംഭിക്കും. പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, നിയമ ബിരുദം നേടിയവർക്ക് പ്രാക്ടീസ് തുടങ്ങാനുള്ള ധനസഹായം തുടങ്ങി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. കളിമൺ പാത്ര

നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരിക്കാനും ടി തൊഴിലാളികൾക്ക് ഗ്രാന്റ് നൽകാനും ഒ.ബി.സി.-യിൽ ഉൾപ്പെട്ട 30 വിഭാഗങ്ങളെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം ഈ ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ്. ഒ.ഇ.സി. പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് 1000 രൂപ സ്റ്റൈപ്പന്റ് നൽകാനും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിധവകൾ, അഗതികൾ, മാരകരോഗം ബാധിച്ച സ്ത്രീകൾ എന്നിവർക്ക് ഭവന നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. സ്റ്റാർട്ട്-അപ് സംരംഭങ്ങൾ ആരംഭിക്കാൻ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് 5 ലക്ഷം രൂപ ഗ്രാന്റ് നൽകാനും പൊതു പരീക്ഷകളിൽ സംസ്ഥാനതലത്തിൽ മികച്ച വിജയം നേടുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകാനും നടപടി സ്വീകരിക്കുന്നതാണ്. ടൂറിസം രംഗത്ത് വൻമുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഗുരുവായൂർ, അതിരപ്പിള്ളി, കന്യാകുമാരി, ഇടുക്കി എന്നിവിടങ്ങളിൽ പുതിയ യാത്രിനിവാസുകൾ ഈ വർഷം പ്രവർത്തനമാരംഭിക്കുന്നതും കോഴിക്കോട് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണപ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. വിനോദസഞ്ചാരികൾക്ക് യാത്രക്കിടയിൽ വിശ്രമിക്കുന്നതിനായി 'Take a Break' പദ്ധതി 20 സ്ഥലങ്ങളിൽ

ആരംഭിക്കുന്നതിന്റെ ഭാഗമായി മലപ്പുറം യൂണിവേഴ്സിറ്റി, മലപ്പുറം കോട്ടക്കുന്ന്, പിറവം മുള്ളൂർപ്പടി, വൈക്കം തലയാഴം, കോന്നി, കൊട്ടാരക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ ഈ പദ്ധതിക്കുള്ള ഭരണാനുമതി നൽകുകയും സംസ്ഥാനതല ഉദ്ഘാടനം ശംഖുംമുഖത്ത് നടത്തുകയും ചെയ്തു. ജനുവരി മാസത്തോടുകൂടി 'Take a Break' പദ്ധതി പൂർത്തീകരിക്കുന്നതാണ്. തേക്കടി, ഫോർട്ട് കൊച്ചി, കോവളം, കുമരകം, മൂന്നാർ എന്നീ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി സമഗ്ര മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. നിള ഹെറിറ്റേജ് ടൂറിസം, ഗോൾഡൻ വാലി ടൂറിസം സർക്യൂട്ട്, കാലടി-മലയാറ്റൂർ ടൂറിസം സർക്യൂട്ട്, അഷ്ടമുടി ടൂറിസം പദ്ധതി, നിലമ്പൂർ ടൂറിസ്റ്റ് കേന്ദ്രം എന്നിവയ്ക്കുള്ള മാസ്റ്റർപ്ലാനുകൾ ഉടൻ തയ്യാറാക്കുന്നതാണ്. കോട്ടൂർ ആന വളർത്തൽ കേന്ദ്രത്തിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനും കനോലി കനാൽ പ്രവൃത്തി തുടങ്ങുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.43-ന് പിരിഞ്ഞു.

****************